(സി) അവ നിരസിക്കാനുണ്ടായ കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രോജക്റ്റ് പാക്കേജ് സ്കീം അനുസരിച്ച് 272 സംഘങ്ങളുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. ഹെൽത്ത് പാക്കേജ് സ്കീം പ്രകാരം ലഭിച്ച അപേക്ഷകളുടെ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) പ്രോജക്റ്റ് പാക്കേജ് സ്കീം അനുസരിച്ച് ലഭിച്ച അപേക്ഷകളിൽ 199 അപേക്ഷകൾ ശുപാർശ ചെയ്തു 73 എണ്ണം നിരസിച്ചു. ഹെൽത്ത് പാക്കേജ് സ്കീം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(സി) കേന്ദ്ര സർക്കാർ 1-4-2000 മുതൽ പ്രോജക്റ്റ് പാക്കേജ് സ്കീം നിറുത്തലാക്കിയതിനാലാണ് അപേക്ഷകൾ നിരസിച്ചത്. ഹെൽത്ത് പാക്കേജ് സ്കീം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

കൈത്തറി വസ്ത്രങ്ങൾക്ക് മാർക്കറ്റിംഗ് ഇൻസെന്റീവ്

29 (600) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി വസ്ത്രങ്ങൾക്ക് റിബേറ്റിനു പകരം മാർക്കറ്റിംഗ് ഇൻസെന്റിവ് നൽകാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശം നൽകുമോ ;

(സി) കൈത്തറി സംഘങ്ങൾ നൽകിയിട്ടുള്ള കണക്കനുസരിച്ച് എന്തു തുകയുടെ റിബേറ്റ് കുടിശ്ശികയുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഏറ്റവും കൂടുതൽ കുടിശ്ശികയുള്ളത് ഏത് ജില്ലയ്ക്കാണ് ;

(ഇ) പ്രസ്തുത ജില്ലയിലെ കൈത്തറി സംഘങ്ങൾക്ക് നൽകേണ്ട കുടിശ്ശിക എത്രയാണ് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 31-12-2000 വരെ ലഭിച്ച റിബേറ്റ് ക്ലെയിം അനുസരിച്ച് 1,42,14,445 രൂപ

(ഡി) കോഴിക്കോട് ജില്ല

(ഇ) 40,96,785 രൂപ

നൂൽ ബാങ്ക്

30 (601) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly